"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ജീവനക്കാരുടെ 2026 സെപ്റ്റംബർ മുതൽ നവംബർ മാസം വരെയുള്ള ശമ്പളവും അലവൻസും വിതരണം ചെയ്യുന്നതിനായി '2515-00-102-21-00-31 (P) Grant-in-Aid (General)-Salary' ശീർഷകത്തിൽ നിന്നും നാലാം ഗഡുവായി 1,00,00,000/- (ഒരു കോടി രൂപ മാത്രം) അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1893/2026/LSGD  തീയതി,തിരുവനന്തപുരം, 08-10-2026

പരാമർശം:-
1. സ.ഉ.(സാധാ) നം. 318/2026/തസ്വഭവ തീയതി 06/02/2026
2. സ.ഉ.(സാധാ) നം. 905/2026/തസ്വഭവ തീയതി 22/04/2026
3. സ.ഉ.(സാധാ) നം.1101/2026/തസ്വഭവ തീയതി 06/06/2026
4. സ.ഉ.(സാധാ) നം.1421/2026/തസ്വഭവ തീയതി 01/08/2026
5. കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ 16.09.2026 ലെ എ3-1773/2026/കെ.എസ്.എൽ.എം.എ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് 2026-27 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച ബജറ്റിൽ 2515-00-102-21 (പ്ലാൻ) ശീർഷകത്തിൽ സാക്ഷരതാമിഷന്റെ ഹെഡ് ഓഫ് അക്കൗണ്ടുകളായ 2515-00-102-21-31 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) സാലറി ഹെഡിൽ 5.56 കോടി രൂപയും 2515-00-102-21-36 ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ ) നോൺ സാലറി ഹെഡിൽ 14.44 കോടി രൂപയും ചേർത്ത് ആകെ 20.00 കോടി രൂപ ഗ്രാന്റ് -ഇൻ-എയ്ഡായി വകയിരുത്തിയിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷത്തിൽ 2515-00-102-21-31 (P) സാലറി ശീർഷകത്തിൽ പരാമർശം (2) പ്രകാരം ഒന്നാം ഗഡുവായി 1,00,00,000/- രൂപയും, പരാമർശം (3) പ്രകാരം രണ്ടാം ഗഡുവായി 1,00,00,000/- രൂപയും, പരാമർശം (4) പ്രകാരം മൂന്നാം ഗഡുവായി 1,00,00,000/- രൂപയും ചേർത്ത് ആകെ 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) സാക്ഷരതാമിഷന് അനുവദിക്കുകയുണ്ടായെന്നും, ടി തുകയിൽ നിന്ന് ജീവനക്കാരുടെ 2026 ആഗസ്റ്റ് മാസം വരെയുള്ള ശമ്പളവും ഓണം അലവൻസും നൽകുകയുണ്ടായതിൽ ടി ഇനത്തിൽ 2026 സെപ്റ്റംബർ 10 വരെ 2,79,05,875/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും, സാലറി ശീർഷകത്തിൽ 20,94,125/- രൂപ മാത്രമാണ് ഇനി അവശേഷിക്കുന്നതെന്നും, ഒരു മാസം 45 ലക്ഷം രൂപയോളം ജിവനക്കാരുടെ ശമ്പളം നൽകുന്നതിന് ആവശ്യമുണ്ടെന്നതിനാൽ, 2026-27 ബജറ്റ് വിഹിതത്തിൽ പരാമർശം (2), (3), (4) പ്രകാരം ഒന്നും രണ്ടും മൂന്നും ഗഡുക്കളായി സാക്ഷരത മിഷന് അനുവദിച്ച 3,00,00,000/- രൂപയ്ക്ക് പുറമെ 2026 സെപ്തംബർ, ഒക്ടോബർ,

നവംബർ മാസങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും മറ്റ് അനുബന്ധ ചെലവുകൾക്കുമായി നിലവിലെ 2515-00-102-21-31 (P) ഗ്രാന്റ് -ഇൻ-എയ്ഡ് (ജനറൽ) സാലറി ശീർഷകത്തിൽ നിന്ന് 2 കോടി രൂപ മാത്രം സീലിങ് ഇളവ് വരുത്തി അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം സാക്ഷരതാമിഷൻ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ജീവനക്കാരുടെ 2026 സെപ്റ്റംബർ മുതൽ നവംബർ മാസം വരെയുള്ള ശമ്പളവും അലവൻസും വിതരണം ചെയ്യുന്നതിനായി '2515-00-102-21-00-31 (P) Grant-in-Aid (General)- Salary' ശീർഷകത്തിൽ നിന്നും നാലാം ഗഡുവായി 1,00,00,000/- (ഒരു കോടി രൂപ മാത്രം) അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

1) ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി, അക്ഷരം, പേട്ട, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
4) ധനകാര്യ (വികസന) വകുപ്പ് (E-3480652/DEV-2/89/2026-FIN തീയതി 06/10/2026 പ്രകാരം അനുമതി).
5) പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്.
5) സ്റ്റോക്ക് ഫയൽ (File No. ERB3/19/2026-LSGD).

ഉത്തരവിൻ പ്രകാരം
Digitally signed by
Rajesh Kumar. C
Date: 08-10-2026
13:33:07
സെക്ഷൻ ഓഫീസർ